# MINOR RESEARCH PROJECT

ങഛഊഋഞചകദഋഊ ങഅഘഅഥഅഘഅങ ടഇഞകജഠ

By

**M. V. Krishna Moorthy**

Associate Professor
S. N. College
Cherthala

Under UGC XI<sup>th</sup> Plan

2012 - 14

# നന്ദി

"പരിഷ്ക്കരിച്ച മലയാളം ലിപി - വിദ്യാർത്ഥി കേന്ദ്രിതമായ ഒരന്വേഷണം" എന്ന പ്രോജക്ട് ചെയ്യുവാനനുവാദം നല്കിയ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

ശ്രീനാരായണകോളേജ്,
ചേർത്തല. എം. വി. കൃഷ്ണമൂർത്തി

# ഉപക്രമം

യു. ജി. സി. യുടെ മൈനർ പ്രോജക്ടിന്റെ ഭാഗമായി "പരിഷ്ക്കരിച്ച മലയാളം ലിപി - വിദ്യാർത്ഥി കേന്ദ്രിതമായ ഒരന്വേഷണം" എന്ന വിഷയം തെരഞ്ഞെടുത്തത് വിദ്യാർത്ഥികളുടെ ഇടയിൽ ഇപ്പോഴുണ്ടായിരിക്കുന്ന എഴുത്തുരീതിയുടെ അവ്യവസ്ഥകളെ പരിശോധിക്കുക എന്ന ലക്ഷ്യത്തോടെയാണ്. എന്തെല്ലാമാണ് ആ പ്രശ്നങ്ങൾ എന്നുപറിച്ച് ചില നിഗമനങ്ങളിൽ എത്തുകയാണ് പഠനലക്ഷ്യം.

വാമൊഴിയിൽനിന്നും വരമൊഴിയിലേയ്ക്ക് മാറുമ്പോഴാണ് ഭാഷകൾക്ക് ലിപി ആവശ്യമായി വരുന്നത്. ഏതൊരു ഭാഷയ്ക്കും വരമൊഴിയിലെത്തുമ്പോൾ മുതൽ ലിപി രൂപപ്പെട്ടുതുടങ്ങും. ഭാഷയുടെ വളർച്ചയ്ക്കനുസരിച്ച് ലിപിയിലും രൂപപരിണാമങ്ങൾ സംഭവിക്കും. അതിനാൽ, ആദ്യകാലത്തുണ്ടായിരുന്ന ലിപിയായിരിക്കില്ല കാലം പിന്നിടുന്തോറും ഒരു ഭാഷയിലും നിലനിൽക്കുന്നത്. പലവിധ പരിണാമങ്ങൾ ലിപിയ്ക്ക് സംഭവിച്ചു കൊണ്ടിരിക്കും. മലയാള ഭാഷയുടെ ലിപിക്കും അത് വരമൊഴിയായ കാലം മുതൽ ഓരോരോ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.

ഇവിടെ അന്വേഷിക്കുന്നത് അടുത്ത കാലത്തു വരുത്തിയ പരിഷ്ക്കരിച്ച ലിപിയുടെ കാര്യമാണ്. അത് ഇപ്പോൾ പരിഷ്ക്കരിച്ച രീതിയിൽ തന്നെ പിന്തുടരേണ്ടതുണ്ടോ? ആധുനിക കാലത്തെ വിദ്യാർത്ഥികൾ ഏതെല്ലാം രീതിയിലാണ് അതു പ്രയോഗിക്കുന്നത്? അദ്ധ്യാപകർ സ്ക്കൂൾതലത്തിൽ അവ എങ്ങനെയാണ് വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നത്? അച്ചടിയിൽ ഇപ്പോൾ എങ്ങനെയാണ് അവ പ്രയോഗിക്കുന്നത്? തുടങ്ങിയ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ അന്വേഷിക്കുന്നത്.

വിദ്യാർത്ഥികളുടെ ഇടയിലേയ്ക്കായിറങ്ങിച്ചെന്ന് അവർ ഓരോരുത്തരും എഴുതുന്ന രീതി ശ്രദ്ധിക്കുന്നു. വിഭിന്നമായിട്ടു തന്നെയായിരിക്കും ഓരോ ലിപിയെയും അവർ കൈകാര്യം ചെയ്തിരിക്കുന്നത്. കുനിപ്പും, പുള്ളിയും, വള്ളിയും മറ്റു ചിഹ്നങ്ങളും എങ്ങനെ അവർ ഇടുന്നു. അതിൽ കാണുന്ന വ്യത്യാസങ്ങൾ എന്തെല്ലാം എന്ന് പട്ടികതിരിച്ചു വ്യക്തമാക്കുന്നു.

തികച്ചും അവ്യവസ്ഥിതമായ രീതിയിലാണ് ലിപികൾ ഇന്ന് മലയാളികൾ ഉപയോഗിക്കുന്നത്. ഈ അവ്യവസ്ഥകൾ ചൂണ്ടിക്കാട്ടുന്നതാണ്.

കമ്പ്യൂട്ടർ യുഗത്തിൽ മലയാളം ലിപികളെ പഴയരീതിയിൽ തന്നെ പ്രിന്റു ചെയ്യുന്നതായിരിക്കും നല്ലത്. എങ്കിൽ ഭാവിയിലെങ്കിലും നമ്മുടെ വിദ്യാർത്ഥികളെ പരിഷ്ക്കരിച്ച ലിപിയിൽനിന്നും മാറ്റി പഴയ ശീലത്തിലേയ്ക്ക് കൊണ്ടുവരരുതോ? എന്തിനാണ് മലയാളഭാഷ പരിഷ്ക്കരിച്ച ലിപിയിൽപ്പെട്ടുഴലുന്നത്. അതിന്റെ ആവശ്യമുണ്ടോ?

പുതിയ ലിപികളുടെ പ്രയോഗത്തിൽ നമ്മുടെ ഇന്നത്തെ കുട്ടികൾ എന്തെല്ലാം ചെയ്യുന്നു എന്ന വിശദമായ ഒരന്വേഷണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വ്യവസ്ഥയുള്ള ഒരു എഴുത്തുരീതിയും ഉച്ചാരണരീതിയും ഒരു ഭാഷയ്ക്ക് അനിവാര്യമാണ്. വ്യവസ്ഥ നശിക്കുമ്പോൾ ഭാഷയും നശിക്കും. പുതിയ ലിപിയുടെ പ്രചാരത്തോടു കൂടിയാണ് മലയാളം എഴുത്തിൽ അവ്യവസ്ഥിതി സംജാതമായത്. അതിനാൽ ആവുന്നത്ര പഴയലിപിയിലേയ്ക്ക് നമ്മുടെ പുസ്തകങ്ങളും, അദ്ധ്യാപകരും, വിദ്യാർത്ഥികളും തിരിച്ചുപോകേണ്ടിയിരിക്കുന്നു.

********************

# മലയാളം ലിപികളും അവയുടെ പ്രയോഗരീതിയും

മലയാളലിപികളുടെ പ്രയോഗരീതിയിൽ അടുത്തകാലത്തായി ചില അവ്യവസ്ഥകൾ കടന്നുകൂടി. ലിപി പരിഷ്കരണവുമായി ബന്ധപ്പെട്ടുണ്ടായ ഈ ശൈഥില്യം നമ്മുടെ ഭാഷയുടെ വ്യവസ്ഥയെയും ഘടനയെയും മാറ്റിമറിച്ചു. ഈയൊരുപ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതല്ല ഈ പ്രബന്ധലക്ഷ്യം. മറിച്ച് ഏതെല്ലാം രീതികളിലാണ് വിദ്യാർത്ഥികൾ ഇതിനെ സമീപിക്കുന്നതും പ്രയോഗിക്കുന്നതും എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്. ഈ അന്വേഷണത്തിലൂടെ വിവിധരീതികളിൽ ഇന്നത്തെ വിദ്യാർത്ഥികൾ നടത്തുന്ന എഴുത്തുരീതിയുടെ പ്രത്യേകതകൾ തെളിഞ്ഞുകിട്ടും. ഇതിൽ പുതിയ ലിപി സമ്പ്രദായത്തിന്റെ സ്വാധീനം എത്രവരെയുണ്ടായി എന്നു കണ്ടെത്തുവാൻ കഴിയും. ഭാഷയുടെ എഴുത്തുരീതിയിൽ ഇന്നുണ്ടായിരിക്കുന്ന അവ്യവസ്ഥയ്ക്കു കാരണം പുതിയലിപിയാണോ, ആണെങ്കിൽ ആ ലിപി എഴുതുന്ന ശീലം എത്രയും വേഗം പഠനമേഖലയിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.

പഠനത്തിന്റെ ഭാഗമെന്നനിലയിൽ ഏകദേശം ഇരുനൂറിലധികം കുട്ടികളെ സമീപിക്കുകയും അവരെക്കൊണ്ട് ഒരുപേജുവീതം എഴുതിച്ചുനോക്കുകയും ചെയ്തു. അതിനെ മുൻനിർത്തിയാണ് ഈ പഠനം മുന്നോട്ടു നീങ്ങുന്നത്. തെറ്റുതിരുത്തുക എന്നതിനല്ല ഊന്നൽ കൊടുത്തിട്ടുള്ളത്. കണ്ടകാര്യങ്ങൾ അതേപോലെ ചൂണ്ടിക്കാണിക്കുകയും അതിനെ വിലയിരുത്തുകയുമാണ് ചെയ്യുന്നത്.

ഭാഷയുടെ ലിപികൾ കാലാന്തരത്തിൽ രൂപഭേദപ്പെടുമെന്നത് വ്യക്തമായ കാര്യമാണ്. ലിപികൾക്കുണ്ടാകുന്ന പരിഷ്കരണങ്ങൾ ഭാഷയെ പരിവർത്തിപ്പിക്കുകയും, പഴയ ഭാഷയെ ഇല്ലാതാക്കുകയും ചെയ്യും. അതുവഴി പുതിയ ഭാഷതന്നെ രൂപീകൃതമായെന്നും വരാം. ഒരേ ഭാഷയെന്നു നാം കരുതുന്ന ഒരു ഭാഷയെത്തന്നെ സൂക്ഷ്മമായി അപഗ്രഥിച്ചാൽ എഴുത്തുരീതിയിലും, ഉച്ചാരണശീലത്തിലും, പ്രയോഗരീതിയിലും വ്യത്യാസങ്ങൾ കാലാനുസൃതമായി ഉണ്ടാകുന്നതായിക്കാണാം.

ഇംഗ്ലീഷുഭാഷയുടെ പ്രത്യേകതയെക്കുറിച്ചു പഠിക്കുന്ന ഒരാൾക്ക് ഈ കാര്യം വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. ഓൾഡ് ഇംഗ്ലീഷും മിഡിൽ ഇംഗ്ലീഷും മോഡേൺ ഇംഗ്ലീഷും എത്രമാത്രം വേറിട്ടുനില്ക്കുന്നുവെന്ന് ഇംഗ്ലീഷ് ഭാഷാചരിത്രം പഠിക്കുന്ന ഒരാൾക്ക് ബോധ്യമാകും.[1] ഉച്ചാരണത്തിലും, സ്പെല്ലിങ്ങിലും, അർത്ഥത്തിലും ഓൾഡ് ഇംഗ്ലീഷിന് ആധുനിക ഇംഗ്ലീഷിൽനിന്നും വളരെയധികം വ്യത്യാസമുണ്ട്. വിഭിന്ന ഭാഷകളായേ ഒരാൾക്ക് അവയെ തോന്നുകയുള്ളൂ.

മലയാളഭാഷയുടെ കാര്യത്തിലും ഇതേരീതികൾ പ്രകടമാകുന്നുണ്ട്. എഴുത്തുരീതികൾക്കും ഉച്ചാരണരീതികൾക്കും, വ്യാകരണപ്രയോഗങ്ങൾക്കും ഓരോ അഞ്ചുനൂറ്റാണ്ട് കഴിയുമ്പോഴും മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. കേരളപാണിനീയം ഇക്കാര്യം വ്യക്തമായി ചർച്ചചെയ്തിട്ടുണ്ട്.[2] മലയാളം എന്ന ഇന്നത്തെ ഭാഷയിലേയ്ക്ക് കരിന്തമിഴായിരുന്ന കേരളഭാഷ പരിവർത്തിക്കുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്ന ആറുനയങ്ങളും, ഘട്ടവിഭജനങ്ങളും മലയാളഭാഷയുടെ ആഗമിക വ്യാകരണ പ്രത്യേകതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. ഇതു സൂചിപ്പിക്കുന്നത് ഒരു ഭാഷയും ചലിക്കാതെയിരിക്കുന്നില്ല എന്നാണ്.

സ്ഥൈതികമായ ഒരവസ്ഥ ഒരു ഭാഷയ്ക്കുണ്ടാകുമ്പോഴാണ് അതു മൃതഭാഷയായി മാറുന്നത്. ഭാഷയുടെ കക്ഷ്യാവിഭജനം ചെയ്യുമ്പോൾ ഭാഷാശാസ്ത്രജ്ഞന്മാർ ലോകഭാഷകളെ പ്രധാനമായും നാലു കക്ഷ്യകളിൽപ്പെടുത്തുന്നുണ്ട്.[3] 1) പ്രാകൃതകക്ഷ്യ 2) സംശ്ലിഷ്ട കക്ഷ്യ 3) വൈകൃത കക്ഷ്യ 4) അപഗ്രഥിത കക്ഷ്യ, എന്നിങ്ങനെ. ലോകഭാഷകളെല്ലാം ഈപ്പറഞ്ഞ ഏതെങ്കിലും ഒരു കക്ഷ്യയിൽപ്പെടും. ചിലപ്പോൾ ഒരു കക്ഷ്യയിൽപ്പെട്ട ഭാഷ മറ്റൊരു കക്ഷ്യയിലേയ്ക്ക് മാറിപ്പോയെന്നും വരാം. മലയാളഭാഷ വൈകൃത കക്ഷ്യയിലേയ്ക്ക് മാറുന്നില്ലേ എന്നു കേരളപാണിനി ശങ്കിക്കുന്നുണ്ട്.

സംസ്കൃതഭാഷ വൈകൃതകക്ഷ്യയിൽപ്പെട്ടു കിടക്കുന്നതുകൊണ്ടാണ് അതു മൃതഭാഷയായി നിലനില്ക്കുന്നത്. മൃതഭാഷയാകുക എന്നുപറഞ്ഞാൽ സ്ഥൈതികമായ ഒരേ അവസ്ഥയിൽതന്നെ ഭാഷ

1. C. L. BARBER, English Language - 1984, London
2. കേരളപാണിനീയം, എ. ആർ. രാജരാജവർമ്മ 1980 NBS
3. വി. ആർ. പ്രബോധചന്ദ്രൻനായർ, ലോകഭാഷകൾ 1977 NBS

നില്ക്കുന്നുവെന്നേ അർത്ഥമാക്കേണ്ടതുള്ളൂ. ആരും ഉപയോഗിക്കുന്നില്ലെന്നോ, സംസാരിക്കുന്നില്ലെന്നോ എന്നൊന്നുമല്ല മൃതഭാഷയെന്നതുകൊണ്ടർത്ഥമാക്കേണ്ടത്. ഒരേ അവസ്ഥയിൽതന്നെ നിലനില്ക്കുന്നുവെന്നാണ് ഇതിനർത്ഥം. അതിന് കാരണം സംസാരിക്കാൻ ആ ഭാഷയെ ഉപയോഗിക്കുന്നില്ല എന്നതാണ്.

ക്ലാസിക് ഭാഷകളായ ഗ്രീക്ക്, ലാറ്റിൻ, സംസ്കൃതം തുടങ്ങിയവ ഈ പ്രശ്നം നേരിടുന്നുണ്ട്. കാലങ്ങളായുള്ള നിശ്ചലത്വം. നിശ്ചലത്വംകൊണ്ട് ഭാഷ ഇല്ലാതാകണമെന്നില്ല. സംസ്കൃതം, ഗ്രീക്ക്, ലാറ്റിൻ ഭാഷകൾ ഇല്ലാതാകുമെന്ന് കരുതുക വയ്യല്ലോ? ഒരുപക്ഷേ അതിനേക്കാൾ എളുപ്പം മറ്റുഭാഷകൾ ഇല്ലാതായേക്കാം.

മലയാളഭാഷയുടെ ഘട്ടവിഭജനം ചെയ്യുമ്പോൾ കരിന്തമിഴുകാലം, മലയാണ്മക്കാലം, മലയാളം എന്നിങ്ങനെ കേരളപാണിനി ഘട്ടവിഭജനം ചെയ്യുന്നുണ്ട്. ഇതിനടിസ്ഥാനം വാക്യഘടനയിലും ലിപ്യവസ്ഥയിലും ഉച്ചാരണത്തിലും കാലാന്തരത്തിൽ വന്നുചേർന്ന പൊതുപ്രവണതകളാണ്.

തമിഴിനോട് വളരെയധികം ചേർന്നുനിന്ന കാലമായിരുന്നു കരിന്തമിഴുകാലം. തമിഴിലെ മുപ്പത് അക്ഷരങ്ങളെ മാത്രമായിരുന്നു എഴുത്തിന് ഉപയോഗിച്ചിരുന്നത്. വെട്ടെഴുത്തെന്നോ വട്ടെഴുത്തെന്നോ പറയാവുന്ന ലിപിസങ്കേതമായിരുന്നു പ്രയോഗിച്ചിരുന്നത്. തത്ഭവങ്ങളാക്കി വേണ്ടിയിരുന്നു ഒട്ടുമിക്ക അന്യഭാഷാപദങ്ങളെ ഉപയോഗിക്കേണ്ടിയിരുന്നത്. രാമചരിതം പോലുള്ള പാട്ടുകൃതികൾ ഇതിന് ഉദാഹരണങ്ങളാണ്.

മലയാണ്മക്കാലത്തിലേയ്ക്ക് എത്തുമ്പോൾ ലിപിയിൽ മാറ്റം കടന്നുകൂടി. ഉച്ചാരണത്തിൽ പ്രകടമായ മാറ്റങ്ങൾ വന്നിരുന്നു. വാക്യഘടനയിലും മാറ്റങ്ങൾ വന്നുചേർന്നു. എങ്കിലും 'ന്റ' ചേർന്ന രൂപങ്ങൾ അങ്ങനെതന്നെനിന്നു.

ആധുനിക മലയാളത്തിലേയ്ക്ക് നാം എത്തിച്ചേർന്നത് ഒരുപാടു ദൂരംതാണ്ടിയാണ്. തമിഴിന്റെ അക്ഷരമാല പരിഷ്ക്കരിച്ചു.

സംസ്കൃതത്തിന്റെ അക്ഷരങ്ങൾ കൂട്ടിച്ചേർത്തു. അക്ഷരസംഖ്യ വർദ്ധിപ്പിച്ചു. വർദ്ധിച്ച അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് പുതിയ ലിപി സൃഷ്ടിച്ചു. തമിഴിന്റെ കൂട്ടക്ഷര നിർമ്മാണരീതിയിൽനിന്നും വ്യത്യാസപ്പെട്ട കൂട്ടക്ഷര നിർമ്മാണരീതി സ്വീകരിച്ചു. തമിഴിൽ കൂട്ടക്ഷരം നിർമ്മിക്കുന്നത് അന്ത്യവർണ്ണത്തിനുമേൽ കുത്തിട്ട് അടുത്തപദം അതേ വർണ്ണംകൊണ്ട് ആരംഭിക്കുന്ന രീതിയാണല്ലോ? മലയാളമാകട്ടെ ക്ക, ച്ച, ട്ട, ത്ത, ന്ന, പ്പ, മ്മ, ങ്ക തുടങ്ങിയ ലിപികൾ രൂപപ്പെടുത്തിയെടുക്കുകയാണ് ചെയ്തത്. അമ്പത്തൊന്നക്ഷരാളീ....... എന്നു കവികൾ കൂറിയത് അക്ഷരങ്ങളെ മാത്രം ഓർമ്മിച്ചുകൊണ്ടാണ്. ഉച്ചരിതശബ്ദങ്ങളുടെ ലിപിരൂപങ്ങളെ അവർ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ലിപിസംഖ്യ തമിഴിനേക്കാൾ എത്രയോ അധികമാണ് മലയാളത്തിന്. കാരണം, കൂട്ടക്ഷരമുണ്ടാക്കുന്നതിന് പുതിയരീതി സ്വീകരിച്ചതുതന്നെ. അതുകൊണ്ടുകൂടിയാണ് മലയാളം ഒരു പുതുഭാഷയായി പരിണമിച്ചത്. ലിപിയിലുണ്ടാകുന്ന പരിഷ്ക്കരണം പുതിയ ഭാഷയെത്തന്നെ സൃഷ്ടിക്കുന്നതെങ്ങനെയെന്ന് ആധുനിക മലയാളഭാഷയുടെ ആവിർഭാവം കൊണ്ടുതന്നെ വ്യക്തമാണ്.

ആ പരിഷ്ക്കരണം ഗുണപരമായിരുന്നു. അങ്ങനെയുള്ള വളർച്ചയും പരിണാമവും ഒരു ഭാഷയ്ക്ക് അനിവാര്യമാണ്. സ്വാഭാവികവുമാണ്. അതേപോലുള്ള പ്രയോജനം പുതിയ ലിപിപരിഷ്ക്കരണംകൊണ്ട് മലയാളഭാഷയ്ക്ക് ഇന്നുണ്ടായിട്ടുണ്ടോ, അതോ ഭാഷയുടെ വളർച്ചയ്ക്ക് തടസ്സമായിട്ടുണ്ടോ? മനഃപൂർവ്വം കൊണ്ടുവരുന്ന പരിഷ്ക്കാരങ്ങൾ ഒരു ഭാഷയെ എങ്ങനെ താറുമാറാക്കുന്നുവെന്നതിന്റെ ദൃഷ്ടാന്തമാണ് ഇന്നത്തെ മലയാളം ലിപി. ഇത്രയും അവ്യവസ്ഥയുള്ള ഒരു പരിഷ്ക്കരണം ഇന്ത്യൻ ഭാഷകളിൽ മലയാളത്തിൽ മാത്രമായിരിക്കണം നടന്നിട്ടുള്ളത്. ഇത് ലിപി പരിഷ്ക്കരണം വരുത്തിയവരുടെ കുറ്റമോ തുടർപ്രവർത്തനം നടത്തിയ അദ്ധ്യാപകരുടെ കുറ്റമോ?

********************

# ലിപിപരിഷ്ക്കരണം എന്തിനുവേണ്ടി?

1968 - ലാണ് ലിപി പരിഷ്ക്കരണശ്രമങ്ങൾ കേരളഭാഷയിൽ തുടങ്ങിയത്. ഇത് നൂതനമായ ലിപികളെ മലയാളത്തിലേയ്ക്ക് കൊണ്ടുവരിക എന്നുദ്ദേശിച്ചു ചെയ്തതല്ല. നിലവിലുള്ളവയുടെ ടൈപ്പുകളെ പരിഷ്ക്കരിക്കുക എന്നതുമാത്രമായിരുന്നു ലക്ഷ്യം. ഇങ്ങനെ പരിഷ്ക്കരിച്ചെടുത്ത ലിപികളെ 'പുതിയലിപി' എന്നുവിളിച്ചു. യഥാർത്ഥത്തിൽ ഈ പരിഷ്ക്കരണം നടത്തിയത് എഴുതാനുള്ള എളുപ്പത്തിനു വേണ്ടിയല്ല. ടൈപ്പുചെയ്യാനും, പ്രിന്റുചെയ്യാനുമുള്ള എളുപ്പത്തിനു വേണ്ടിയായിരുന്നു. തൊള്ളായിരം അച്ചുകൾ വേണ്ടിയിരുന്നിടത്ത് നിന്നും തൊണ്ണൂറ് അച്ചുകളിലേയ്ക്ക് മാറുക എന്ന ഉദ്ദേശ്യം ശുദ്ധിയുള്ളതുതന്നെയായിരുന്നു. ശൂരനാട്ടു കുഞ്ഞൻപിള്ളയും, എൻ. വി. കൃഷ്ണവാരിയരും ചെയ്ത മികച്ച സേവനം തന്നെയായിരുന്നു ലിപിപരിഷ്ക്കരണം. അച്ചടിയെ എളുപ്പമുള്ളതാക്കാൻചെയ്ത മികച്ച പരിശ്രമമെന്നേ അതിനെപ്പറയാവൂ.

അച്ചടിക്കുവേണ്ടിയുള്ള ലിപിപരിഷ്ക്കരണം മലയാളഭാഷയിൽ ആദ്യത്തേതായിരുന്നു. അച്ചടി തുടങ്ങിയപ്പോഴും ആ കാലത്ത് ലിപികൾ നിർമ്മിച്ചിരുന്നു. അവയെല്ലാം എഴുത്തുരൂപങ്ങളെ പിന്തുടരുകയാണുചെയ്തത്. ബഞ്ചമിൻ ബെയ്ലി അച്ചുകൾക്കു രൂപംനല്കിയതും എഴുത്തുരീതിയെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു. 'വലംപിരി' അഥവാ ക്ലോക്ക്വൈസ് രീതിയിലാണ് അച്ചുകൾ ഉണ്ടാക്കിയിരുന്നത്. നമ്മുടെ എഴുത്തുരീതിയും 'വലംപിരി' രീതിയിലുള്ളതാണ്. പക്ഷേ, പുതിയ ലിപിസമ്പ്രദായം കൈയെഴുത്തിനെ മറന്നുപോയിരുന്നു. അഥവാ കൈയെഴുത്തു ലക്ഷ്യമിട്ടുള്ളതായിരുന്നില്ല. നിരുപാധികമായ വഴിക്ക് കൈയെഴുത്തിനെ വിട്ടുകൊണ്ടുവേണ്ടിയിരുന്നു ലിപിപരിഷ്ക്കരണം പ്രചരിപ്പിക്കേണ്ടിയിരുന്നത്. ഏതായാലും അവ്യവസ്ഥിതമായ ഒരു ലിപ്യങ്കനരീതി മലയാളഭാഷയിൽ പ്രത്യക്ഷപ്പെട്ടത് 1968 നു ശേഷമാണ്. ഇങ്ങനെ പറയുമ്പോൾ അതിനുമുമ്പു യാതൊരു അവ്യവസ്ഥയും ഇല്ലായിരുന്നുവെന്നല്ല അർത്ഥം. ഒറ്റപ്പെട്ട ചിലപ്രയോഗങ്ങൾ ചില ലിപിയുടെ കാര്യത്തിൽ ഉണ്ടായിരുന്നു.

'ച' എന്നത് 'ച്ച' എന്നാകുന്നത് ചിലർക്ക് '          'യാണ്. 'ള' എന്നത് 'ള്ള' എന്നാകുന്നത് ചിലർക്ക് '          'യാണ്. 'രു' എന്നത് ചിലർ വിഘടിപ്പിച്ച് '          ' എന്നെഴുതിയിരുന്നു. ഇതെല്ലാം സൗകര്യാർത്ഥം വളരെക്കുറച്ചുപേർ ചെയ്തുപോന്ന പ്രയോഗഭേദങ്ങൾ മാത്രമാണ്. ഇപ്രകാരമുള്ള അന്തരങ്ങൾ ലഘുവാകയാൽ ഒരു സർവ്വസാധാരണ പ്രശ്നമാകുന്നില്ല.

പുതിയലിപിയാകട്ടെ എല്ലാ അക്ഷരങ്ങളിലും അവ്യവസ്ഥയുണ്ടാക്കി. കുട്ടികൾ എങ്ങനെ അവ പ്രയോഗിക്കുന്നുവെന്ന് അവരുടെ എഴുത്തുകളെ അപഗ്രഥിച്ച് മനസ്സിലാക്കാം.

## മലയാളത്തിലെ അക്ഷരങ്ങൾ
## (പുതിയലിപി സമ്പ്രദായം)

**സ്വരങ്ങൾ** - പതിമ്മൂന്നു സ്വരാക്ഷരങ്ങൾ മലയാളഭാഷ ഇന്നു സ്വീകരിച്ചിട്ടുണ്ട്. അവ വ്യഞ്ജനത്തോടു ചേരുമ്പോൾ ഓരോ രീതിയിലുള്ള ചിഹ്നങ്ങളായി പ്രകടമാകും.

അ ആ ഇ ഈ ഉ ഊ ഋ

എ ഏ ഐ ഒ ഓ ഔ

ഹ്രസ്വം, ദീർഘം, സന്ധ്യക്ഷരങ്ങൾ എന്നിവയിൽ ഉൾപ്പെടുന്നു ഇവ.

എന്നിവയെ ഇന്ന് എഴുത്തിനുപയോഗിക്കുന്നില്ല. അതിനാൽ അവയെ ഒഴിവാക്കിക്കൊണ്ട് അക്ഷരമാല ക്രമപ്പെടുത്തിയാൽ മതി.

**വ്യഞ്ജനങ്ങൾ** - മുപ്പത്തിയാറു വ്യഞ്ജനങ്ങളെയാണ് ഇന്നു അക്ഷരമാലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| | | | | |
|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ |
| ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ |
| ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ |

ഈ ഇരുപത്തഞ്ചു വർഗ്ഗാക്ഷരങ്ങളും പിന്നെ 'യ ര ല വ ശ ഷ സ ഹ ള ഴ റ' എന്നീ പതിനൊന്ന് മദ്ധ്യമങ്ങളും ഊഷ്മാക്കളും ഘോഷിയും ചേർന്ന് 36 അക്ഷരങ്ങൾ വ്യഞ്ജനവിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

'ക്ഷ' യെ ഒരക്ഷരമായി കരുതാതെ 'ക'യുടെയും' ഷ' യുടെയും കൂട്ടക്ഷരമായി കരുതുന്നു. പക്ഷേ 'ക്ഷ' യെ കൂട്ടക്ഷരമായി കരുതാതെ അക്ഷരമാലയിൽ ചേർക്കുന്നതായിരിക്കും ഭാഷാപ്രയോഗത്തിന്റെ സുഗമതയ്ക്ക് നന്ന്. കാരണം ആക്ഷൻ എന്നെഴുതി ആക്ഷൻ എന്നുച്ചരിക്കേണ്ടതില്ലല്ലോ? ആക്ഷൻ, പക്ഷേ ഇവയിലെ ഉച്ചാരണം ഒരുപോലെയല്ല. ആക്ഷനും 'പക്ഷേ'യും വെവ്വേറെ ഉച്ചരിക്കുന്നത് 'ക്ഷ'യുടെ സ്വതന്ത്രതയെ സൂചിപ്പിക്കുന്നു. പക്ഷേ പുതുക്കിയ ലിപിയിൽ 'ക്ഷ' യെ കൂട്ടക്ഷരമായേ കരുതൂ.

## സ്വരചിഹ്നങ്ങൾ

ാ ി ീ ു ൂ െ േ ൈ ൗ ്

10 ചിഹ്നങ്ങളാണ് ഓരോ സ്വരത്തെയും പ്രതിനിധാനം ചെയ്യുന്നത്. ഇതിൽ രണ്ടെണ്ണം കൂട്ടിച്ചേർത്താൽ ഭിന്നശേഷിയുണ്ടാകും. ഉദാഹരണമായി 'കൊ' എന്നെഴുതുവാൻ െ, ാ എന്നീ സ്വരചിഹ്നങ്ങളെ ഇരുപുറവും ചേർത്താൽ മതി. 'കൈ' എന്നതിന് 'െ' ചിഹ്നം രണ്ടുപ്രാവശ്യം എഴുതിയാൽമതി. ഇതൊന്നും പുതിയ കാര്യമല്ലെന്ന് ഓർക്കണം. 'ഉ' കാരവും ഊ കാരവും മുറിച്ചെടുത്തു എന്ന പ്രത്യേകതയേ യഥാർത്ഥത്തിൽ സ്വരചിഹ്നങ്ങളിൽ സംഭവിച്ചുള്ളൂ.

## വ്യഞ്ജനചിഹ്നങ്ങൾ

്യ ്വ ്ര ഃ ം

5 ചിഹ്നങ്ങളാണ് വ്യഞ്ജനചിഹ്നങ്ങളായുള്ളത്. യ, വ, റ, ഹ, മ എന്നിവയെ സൂചിപ്പിക്കുന്നു ഇവ. ഇതിലും പുതുമയുള്ളത് 'റ'കാരം മുറിച്ചെടുത്തതു മാത്രമാണ്. ബാക്കിയെല്ലാം പണ്ടേ ഉള്ളവതന്നെ.

## ചില്ലുകൾ

5 ചില്ലുകൾ പുതുക്കിയ ലിപിയിൽ ഉണ്ട്. അഞ്ചും പഴയവതന്നെ.

ൺ ൻ ർ ൽ ൾ

## കൂട്ടക്ഷരങ്ങൾ

പിരിച്ചെഴുതാതെ നിലനിർത്തേണ്ട കൂട്ടക്ഷരങ്ങൾ ഇവയാണ്.*

ക്ക ച്ച ട്ട ത്ത പ്പ

ങ്ങ ഞ്ഞ ണ്ണ ന്ന മ്മ

య్య ല്ല വ്വ ശ്ശ

സ്സ ള്ള

റ്റ ന്റ

ങ്ക ഞ്ച ണ്ട ന്ത മ്പ - ഈ 23 കൂട്ടക്ഷരങ്ങൾ പിരിച്ചെഴുതാൻ പാടില്ല എന്ന് പ്രബോധചന്ദ്രൻ നായർ ഉൾപ്പെടുന്ന കമ്മിറ്റി ശുപാർശചെയ്യുന്നു. ഇവ കൂടാതെ സ്ല ശ്ല ഹ്ല മ്ല ബ്ല പ്ല ക്ഷ ന്ദ എന്നിവയും കൂട്ടക്ഷരങ്ങളാണ്. അല്ലാതുള്ള വ്യഞ്ജനച്ചേരുവകൾ പിരിച്ചെഴുതിയാൽ മതി. രക്തം, പക്ഷേ, അച്ഛൻ, ജ്ഞാനം, വിഡ്ഢി എന്നിങ്ങനെ.

* മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1998

ആകെ 93 ലിപികളിൽ ഒതുക്കിയെന്നു പറയുന്നെങ്കിലും 98 ലിപിരൂപങ്ങൾ പുതിയ ലിപിക്രമത്തിൽ പ്രയോഗിച്ചുവരുന്നു. ക്ഷ, ന്ദ എന്നിവ പിരിച്ചെഴുതുന്നില്ലെങ്കിൽ 100 ലിപികളും അച്ചടിയിൽ വേണ്ടിവരും.

ഇന്ന ലിപികൾ പിരിച്ചെഴുതണം, ഇന്ന ലിപികൾ പിരിച്ചെഴുതേണ്ട എന്നെല്ലാം വ്യവസ്ഥചെയ്താലും കുട്ടികൾ കൈയെഴുത്തിലേയ്ക്ക് എത്തുമ്പോൾ എല്ലാ വ്യവസ്ഥയും തകിടം മറിയുന്നു.

ഒരു ജനതയ്ക്ക് വ്യവസ്ഥാപൂർവ്വമായ ഭാഷയും ലിപികളും ഇല്ലെന്നുവരുന്നത് ശോചനീയം തന്നെ. ഇതിനെന്തു പരിഹാരമാർഗ്ഗം. പുതിയ ലിപി പിന്തുടർന്നാൽ ഒരു കാലത്തും വ്യവസ്ഥാപൂർവ്വം കൈയെഴുത്തു രൂപപ്പെടുകയില്ല. അതിനാൽ പഴയലിപിയിലേയ്ക്ക് തിരിച്ചുപോവുക. അച്ചടിക്കുവേണ്ടി പുതുക്കിയ ലിപികളുടെ ആവശ്യം ഇന്നില്ല. 'രചന' പോലുള്ള ഫോണ്ടുകൾ മലയാളലിപിയുടെ തനിമയെയും പഴമയെയും സൂക്ഷിച്ചുകൊണ്ട് പ്രയോഗത്തിൽ വരുത്തിയ പുതിയ സൃഷ്ടികളാണ്. അച്ചടി പുതിയ ലിപിയിൽനിന്നും മോചനം നേടിക്കഴിഞ്ഞു. ഇനിയും മോചനം നേടാത്തവർ നമ്മുടെ വിദ്യാർത്ഥികളാണ്. അതിലേയ്ക്കൊരെത്തിനോട്ടം നടത്താം.

## മലയാളത്തിലെ വ്യഞ്ജനങ്ങളും അവയുടെ പെരുക്കങ്ങളും

| | | | | | | | |
|---|---|---|---|---|---|---|---|
| ക | കാ | കി | കീ | / കു | / കൂ | /കൃ | |
| കെ | കേ | കൈ | കൊ | കോ | കൗ | കം | കഃ |
| ഖ | ഖാ | ഖി | ഖീ | / ഖു | / ഖൂ | /ഖൃ | |
| ഖെ | ഖേ | ഖൈ | ഖൊ | ഖോ | ഖൗ | ഖം | ഖഃ |
| ഗ | ഗാ | ഗി | ഗീ | / ഗു | / ഗൂ | /ഗൃ | |
| ഗെ | ഗേ | ഗൈ | ഗൊ | ഗോ | ഗൗ | ഗം | ഗഃ |

ഘ ഘാ ഘി ഘീ / ഘു / ഘൂ /ഘൃ

ഘെ ഘേ ഘൈ ഘൊ ഘോ ഘൗ ഘം ഘഃ

ഇപ്രകാരം പെരുക്കങ്ങൾ എഴുതുമ്പോൾ ഉ കാര ചിഹ്നം ചേർക്കുന്നിടത്തെ അവ്യവസ്ഥ പരിഹരിക്കാൻ പുതിയ ചിഹ്നത്തിനു കഴിഞ്ഞോ? ഏകരൂപം കൊടുക്കാൻ കഴിഞ്ഞു. പഴയ ലിപിയിൽ കുനിപ്പുകൾ ചേർത്തിരുന്നത് വിവിധരീതിയിൽ ആയിരുന്നു.

അടിയിൽ കുനിപ്പിടുന്നത്, അടിയിൽ വളഞ്ഞവരയിടുന്നത്, വളച്ചു മുകളിലോട്ടു കൊണ്ടുപോകുന്നത് എന്നിങ്ങനെയുള്ള വിഭിന്നരീതികൾ മാറ്റി ഏകാതാനതകൊണ്ടുവരാൻ പുതിയ കുനിപ്പിനു (ു) കഴിഞ്ഞു. പക്ഷേ കുട്ടികൾ ഈ രീതിയെ പലതരത്തിൽ പരിഷ്ക്കരിച്ചു. മേല്പറഞ്ഞ മൂന്നുരീതിയും ഇന്നവർ പ്രയോഗിക്കുന്നുണ്ട്. കാരണം പുതിയലിപിയുടെ ഭ്രമണദിശ പലപ്പോഴും ഇടംപിരിയും വലംപിരിയുമാകാറുണ്ട്. ചിഹ്നങ്ങൾ ഇടംപിരിയിലും വലംപിരിയിലുമുണ്ട്.

ക്ര എന്നെഴുതുമ്പോൾ വലംപിരിയിലെഴുതിയ വ്യഞ്ജനത്തോടൊപ്പം ഇടംപിരിയായ ‘ ്ര ’ ചിഹ്നം ചേർക്കുന്നു. കൈയെഴുത്ത് മിക്കവാറും വലംപിരിയിലെഴുതുന്ന രീതിയാണ് മലയാളഭാഷയ്ക്കുള്ളത്. സ്വാഭാവികമായ രീതിയിലേയ്ക്ക് വിദ്യാർത്ഥികൾ തിരിയുന്നു. നിരന്തരമായ അദ്ധ്യയനത്തിലൂടെ സ്വാഭാവികരീതിയെ മാറ്റേണ്ടതായും അവർക്കുവരുന്നു. ഇതിനു പരിഹാരം താഴ്ന്ന ക്ലാസ്മുതൽതന്നെ മലയാളഭാഷയുടെ തനതു ലിപിരീതിയിലേയ്ക്ക് അവരെ കൂട്ടിക്കൊണ്ടുപോവുക മാത്രമാണ്.

അച്ചടിയുടെ രക്ഷയ്ക്കായി ഇനി പുതിയലിപിയുടെ ആവശ്യമില്ല. അച്ചടി എപ്പൊഴേ രക്ഷപ്പെട്ടുകഴിഞ്ഞു പുതിയ ലിപിയിൽനിന്നും

*********************

## കുട്ടികളുടെ ഇപ്പോഴത്തെ എഴുത്തുരീതി

പല സ്ക്കൂളുകൾ സന്ദർശിച്ച് പ്രത്യേകം ക്ലാസുകൾ തെരഞ്ഞെടുത്ത് ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികളെക്കൊണ്ട് ഒരു പേജുവീതം എഴുതിച്ച് അവർ എഴുതിയ രീതികളെ വിലയിരുത്തുകയാണ് ചെയ്തത്.

അപ്പോൾ കണ്ടെത്തിയ കാര്യങ്ങൾ.

1. ഓരോ കുട്ടിയും ഓരോ തരത്തിൽ പുതിയലിപി ഉപയോഗിക്കുന്നു.
2. ചിഹ്നങ്ങൾ ചേർക്കുമ്പോൾ പലരീതി അവലംബിക്കുന്നു.
3. പുതിയ ലിപിയെയും പഴയലിപിയെയും കൂട്ടിക്കുഴയ്ക്കുന്നു.
4. കൂട്ടക്ഷരങ്ങൾ ചിലർ പിരിച്ചെഴുതുന്നു. ചിലർ കൂട്ടക്ഷരങ്ങളായി ഉപയോഗിക്കുന്നു.
5. ശരി എന്ന ധാരണയിൽ തെറ്റായ ചിഹ്നങ്ങൾ ഉപയോഗിക്കുന്നു.

വ്യഞ്ജനങ്ങൾ എഴുതുമ്പോൾ സ്വാഭാവികമായ 'വലംപിരി' രീതിയെ ചിലർ ഉപേക്ഷിക്കുന്നു. കാരണം പുതിയ ലിപി ആ രീതിയെ തെറ്റിച്ചതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. ഏതു ഭാഷയ്ക്കും അച്ചടിലിപിരൂപവും കൈയെഴുത്തുലിപിരൂപവും ഉണ്ടായിരിക്കും. പക്ഷേ നമ്മുടെ വിദ്യാർത്ഥികൾ ഇപ്പോൾ അനുകരിക്കുന്നതും, ശീലിക്കുന്നതും അച്ചടിലിപി രീതിയാണ്.

പഴയ ലിപി എഴുതുന്നതൊടൊപ്പം പുതിയലിപിയെയും കുട്ടികൾ കൈകാര്യം ചെയ്യുന്നുണ്ട്. അവ്യവസ്ഥയുടെ പ്രത്യക്ഷോദാഹരണമാണ് അത്.

കൂട്ടക്ഷരങ്ങളുടെ കാര്യത്തിലും അവ്യവസ്ഥ നിലനില്ക്കുന്നു. ചിലർ പിരിച്ചെഴുതുന്നു. ചിലർ ചേർത്തെഴുതുന്നു. ഒരാൾതന്നെ പിരിച്ചെഴുതുന്നു, ചേർത്തെഴുതുന്നു.

വിദ്യാർത്ഥികൾ ചിഹ്നങ്ങൾ എപ്രകാരം ഉപയോഗിക്കുന്നുവെന്നു നോക്കാം. അവ കൈയെഴുത്തുരീതിയിൽ താഴെ ചേർക്കുന്നു. പ്രിന്റുചെയ്തു കാണിക്കുക സാദ്ധ്യമല്ലാത്തതുകൊണ്ട് അതുമാത്രം ആവശ്യമായിടത്ത് എഴുതിക്കാണിക്കും.

## കുനിപ്പുകളുടെ ഉപയോഗം

പുതിയലിപിയിൽ ു എന്നാണ് കുനിപ്പ്. എന്നാൽ എഴുതുന്നതു നോക്കുക.

ഇതുകൂടാതെ പഴയരീതിയും പിന്തുടരുന്നു. എന്നിങ്ങനെ. ത് കാരം എന്നെഴുതേണ്ടതിനു പകരം എന്നെഴുതുന്നു. ഇത് ‘ ’ എന്നു തെറ്റിദ്ധരിക്കാം. എന്നത് എന്നെഴുതുന്ന ശീലം ഒട്ടുമിക്കവരിലും കാണുന്നു. ന കാരം കുനിപ്പിടുന്നത് എന്നാണ്.

## കൂട്ടക്ഷരങ്ങളുടെ ഉപയോഗം

ദ്ധ, ക്ഷ, ത്ത, ന്ന, ന്ത, ണ്ട തുടങ്ങിയ കൂട്ടക്ഷരങ്ങൾ പലരും പലരീതിയിൽ എഴുതുന്നു. അദ്ധ്യാപകൻ > അധ്യാപകൻ, രക്ഷ > രക്ഷ, > വിദഗ്ധൻ.

ഈ രീതിയിലുള്ള അവ്യവസ്ഥ അനുവദിക്കുന്നത് ഭാഷയ്ക്ക് ഉചിതമല്ല.

## മറ്റു ചിഹ്നങ്ങളുടെ ഉപയോഗം

തുടങ്ങിയവ എഴുതുന്നതിലും വ്യവസ്ഥ തെറ്റുന്നു. ചിലർക്ക് ക്ര, ശ്ര, പ്ര, വ്യ, വ്യ, കൃ എന്നാണെങ്കിൽ ചിലർ ഇത് മിശ്രമായി ഉപയോഗിക്കുന്നു. ‘റ’ കാര ചിഹ്നമായ ഉപയോഗിക്കുന്നത് എന്ന രീതിയിലാണ്. മറ്റു ചിഹ്നങ്ങളിലും ഈ വ്യവസ്ഥാരാഹിത്യം ഉണ്ട്.

ചുരുക്കത്തിൽ നാം കണ്ടെത്തുന്ന ഖേദകരമായ അവസ്ഥ സങ്കീർണ്ണമായ ലിപി പ്രയോഗമാണ് നാം ഇപ്പോഴും പിന്തുടരുന്നതെന്നാണ്. എത്രയുംവേഗം പഴയലിപികളിലേയ്ക്ക് വിദ്യാർത്ഥികളെ തിരിച്ചുപിടിക്കേണ്ടതുണ്ട്. വലംപിരി രീതിയിൽ എഴുതിശീലിപ്പിക്കേണ്ടതുമുണ്ട്.

ഇതോടൊപ്പം ചേർത്തിരിക്കുന്ന കുട്ടികളെഴുതിയ പേപ്പറുകൾ പരിശോധിച്ചാൽ ഈ അവ്യവസ്ഥയുടെ ഭീതിദമായ അവസ്ഥ ബോധ്യപ്പെടും.

സ്ക്കൂൾതലം മുതൽ ഓരോ കുട്ടിയെയും അക്ഷരം എഴുത്തിൽ ശ്രദ്ധകൊടുത്തുവേണം പഠനരീതി തുടരേണ്ടത്. മാതൃഭാഷ തന്നെ ആദ്യത്തെ രണ്ടുമൂന്നു കൊല്ലങ്ങളിൽ പഠിപ്പിക്കുകയും എഴുത്തുരീതി പ്രാചീന വ്യവസ്ഥയിലേയ്ക്ക് കൊണ്ടുവരികയും ചെയ്യണം.

നാലു പതിറ്റാണ്ടു കൊണ്ടുതകർത്ത അക്ഷരവ്യവസ്ഥയെ ഒരു ദശകം കൊണ്ടുതന്നെ മാറ്റിയെടുക്കാൻ കഴിയും. സർക്കാരും, അക്കാദമിക് സമൂഹവും ഒറ്റക്കെട്ടായി പ്രവർത്തിച്ച് തുടങ്ങണമെന്നതേയുള്ളൂ പ്രശ്നം. ശ്രേഷ്ഠഭാഷയെന്നു മലയാളത്തെ പരിഗണിക്കുന്നെങ്കിൽ നിശ്ചയമായും പഴയലിപിയിലേയ്ക്ക് മാറുന്നതാണ് ഉചിതം. വ്യവസ്ഥകൾ തകർന്ന ഒരു ഭാഷ മലയാളമല്ലാതെ മറ്റൊന്നില്ല എന്നവസ്ഥ മാറണം.

പ്രശ്നപരിഹാരം ഈ പ്രോജക്ടിന്റെ ഭാഗമല്ല. പ്രശ്നം ചൂണ്ടിക്കാട്ടുന്നുവെന്നേയുള്ളൂ.

<u>നിഗമനം</u>

ഈ പ്രോജക്ടിലൂടെ ലക്ഷ്യമിട്ടത് വിദ്യാർത്ഥികൾ എങ്ങനെ മലയാളം അക്ഷരം ഉപയോഗിക്കുന്നുവെന്നു പഠിക്കുക മാത്രമായിരുന്നു.

അതുവഴി ചില നിഗമനങ്ങളിൽ എത്തി.

1) ഭാഷയുടെ അക്ഷരങ്ങൾക്ക് ഒരു തനിമ ഉണ്ടായിരുന്നു.
2) പുതിയലിപി ആ തനിമ നഷ്ടപ്പെടുത്തി.
3) പഴയ തനിമ തിരിച്ചുപിടിക്കാം. കാരണം യാതൊരു പ്രേരണയുമില്ലാതെ തന്നെ ചില കുട്ടികൾ പഴയലിപിയിലേയ്ക്ക് തിരിയുന്നുണ്ട്.
4) അതിന് കൂട്ടായ ഒരു യത്നം ആവശ്യമാണ്. ചെറുപ്പത്തിലേതന്നെ എഴുത്തുശീലം ചിട്ടപ്പെടുത്തേണ്ടതുണ്ട്.
5) അതിന് അധികം ബുദ്ധിമുട്ടില്ല. ഏറിയാൽ പത്തുകൊല്ലം കൊണ്ട് തനതുലിപിയിലേയ്ക്ക് വിദ്യാർത്ഥികളെ ഒന്നടങ്കം എത്തിക്കുവാൻ കഴിയും.

*******************